എൻ2/13130/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി. 15/10/2020
ഫോൺ : 0471 2328438, 8330818477
ഇ-മെയിൽ : dgescholarship@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പ് വിഭാഗം - പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ് - യോഗ്യതാ മാനദണ്ഡങ്ങൾ - തുടർ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 25/08/2020 ലെ ഇതേ നമ്പർ സർക്കുലർ.
2. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ 14/10/2020 ലെ കത്ത് നം. F No. 15/19/2020-SS (Part -2).

കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പായ പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (2) ലെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നതിന് മുൻവർഷത്തെ വാർഷിക പരീക്ഷയിൽ 50% മാർക്ക് ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ, കോവിഡ്-19 നുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ 2020-21 വർഷത്തേക്ക് മാത്രം ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ, 2020-21 അധ്യയന വർഷത്തിൽ പ്രീ-മെട്രിക് മൈനോരിറ്റി സ്കോളർഷിപ്പിന് (റിന്യൂവൽ ചെയ്യുന്നതിനുള്ള) അർഹത ലഭിക്കുന്നതിന് മുൻവർഷത്തെ പരീക്ഷയിൽ വിജയിച്ച് അടുത്ത ക്ലാസിൽ പ്രവേശിക്കുന്നതിനുള്ള യോഗ്യത നേടിയാൽ മാത്രം മതിയാകുന്നതാണ്.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്) &**
**നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)**

**പകർപ്പ് :-**
1. **വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE** — **പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി**
2. **എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**
3. **എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
4. **എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
5. **എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും**